പതിനാലാം കേരള നിയമസഭ
പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 612

04.02.2020 ൽ മറുപടിയ്ക്ക്

## യുവജനക്ഷേമ പദ്ധതികൾ

**ചോദ്യം**

ശ്രീ.എം. സ്വരാജ്

**മറുപടി**

ശ്രീ.ഇ.പി.ജയരാജൻ
(വ്യവസായവും, സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം യുവജനങ്ങളുടെ ക്ഷേമത്തിനായി പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ? | (ബി) | കേരള സംസ്ഥാന യുവജന ക്ഷേമബോർഡിന്റെ കീഴിൽ യുവജനങ്ങളുടെ ക്ഷേമത്തിനായി കേരളോത്സവം, യൂത്ത് ക്ലബ് (യൂത്ത് കേരള എക്സ്പ്രസ്സ്, യുവാക്ലബ്ബുകൾ, കായിക വികസന പ്രവർത്തനങ്ങൾ - സെവൻസ് ഫുട്ബോൾ മത്സരം), കേരള വോളന്റി യൂത്ത് ആക്ഷൻ ഫോഴ്സ്, ജൻഡർ പദ്ധതികൾ (ആത്മരക്ഷ ആയോധനത്തിലൂടെ - വനിതകൾക്ക് കളരിപ്പയറ്റ് പരിശീലനം, ട്രാൻസ്ജൻഡേഴ്സ് ശാക്തീകരണം), കലയും സംസ്കാരവും (നാഷണൽ ഫോക് ഫെസ്റ്റിവൽ ഓഫ് കേരള, യുവസാഹിത്യ ക്യാമ്പ്, ഷോർട്ട് ഫിലിം ഡൊക്യുമെന്ററി ഫെസ്റ്റിവൽ), അഡ്വഞ്ചർ അക്കാഡമി (നാഷണൽ അഡ്വഞ്ചർ അക്കാഡമി - ദേവികുളം - നിർമ്മാണ പ്രവർത്തനങ്ങൾ), മറ്റ് വികസന പരിപാടികൾ (യുവതാ മാസിക, നവമാധ്യമ കൂട്ടായ്മയും ഓൺലൈൻ പ്രൊമോഷനും, അമച്വർ നാടകോത്സവം, ONENESS - ഇന്റർനാഷണൽ മ്യൂസിക് & ഡാൻസ് ഫെസ്റ്റിവൽ, കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് പരീക്ഷാ പരിശീലനം) എന്നീ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br><br>യുവജനങ്ങളുടെ പരാതികൾ പരിഹരിക്കുന്നതിന് എല്ലാ ജില്ലകളിലും അദാലത്തുകളും സിറ്റിംഗുകളും, പട്ടികജാതി/പട്ടികവർഗ്ഗ, മറ്റ് പിന്നോക്ക മേഖലയിലെ യുവാക്കൾക്കിടയിലും കോളേജുകളിലും മദ്യം, മയക്കുമരുന്ന് ദുരുപയോഗം, റാഗിംഗ്, സൈബർ കുറ്റകൃത്യങ്ങൾ |

| | | | |
|---|---|---|---|
| | | | എന്നിവയ്ക്കെതിരെ ബോധവത്കരണ പരിപാടികൾ, ദേശീയ/ജില്ലാ സെമിനാറുകൾ, സിംപോസിയം, ശില്പശാലകൾ, ജോബ് പോർട്ടൽ, യൂത്ത് ഐക്കൺ അവാർഡ്, ദേശീയ യുവജനദിനാഘോഷം, യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ, യുവജനങ്ങളുടെ ഫെസിലിറ്റേഷൻ പ്രോഗ്രാം, പട്ടികജാതി/പട്ടിക വർഗ്ഗ മറ്റ് പിന്നോക്ക മേഖലകളിൽ നിറവ് ആദിവാസി കലാമേള എന്നീ പദ്ധതികൾ കേരള സംസ്ഥാന യുവജന കമ്മീഷൻ മുഖേന നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**